**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2926** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി ഗ്രാമപ്പഞ്ചായത്തിലെ ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | **വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ചെയിനേജ് 150 മീറ്ററിലെ സൈഫൺബാരലിന്റെ ചോർച്ച തടയുന്നതിന് വേണ്ടി 28/01/2023 തീയതിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ടി പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ നിന്നും പുതിയ സൈഫൺ പണിയുന്നതിന് പകരം aqueduct നിർമ്മിക്കുന്നതാണ് ഉചിതം എന്ന നിർദ്ദേശം നൽകുകയും, ആയതനുസരിച്ച് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി അക്വഡക്റ്റ് നിർമ്മിക്കുന്നതിലേക്കായുള്ള 54 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് സൈഫൺബാരലിന്റെ ചോർച്ച തടയുന്നതിന് താൽകാലിക പരിഹാരം എന്ന നിലയ്ക്കുള്ള shot creting പ്രവൃത്തിക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 12.80 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി നൽകുകയും, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.ഐ.സെൻട്രൽ സർക്കിൾ എറണാകുളത്തിന്റെ കാര്യാലയത്തിൽ നിന്നും ഭരണാനുമതി നൽകി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ മൂവാറ്റുപുഴയുടെ കാര്യാലയത്തിൽ സാങ്കേതികാനുമതി നൽകി 01/02/2024 തീയതിയിൽ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കുക യുണ്ടായില്ല. ആയതിനാൽ, 12/02/2024 വരെയും തുടർന്ന് 16/02/2024 വരെയും ടെണ്ടർ സമർപ്പിക്കുവാനുള്ള തീയതി ദീർഘിപ്പിച്ചു നൽകിയിരുന്നുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. 26/02/2024 തീയതിയിലും 15/03/2024 തീയതിയിലും പ്രവൃത്തി റീ-ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ ദർഘാസ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല.** |

| | | | | |
|---|---|---|---|---|
| | | | | എന്നാൽ സോയിൽ ഇൻവെസ്റ്റിഗേഷൻ അനുസരിച്ച് തയ്യാറാക്കിയ 54 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 01/12/2024-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സാമ്പത്തികാനുമതി നല്കിയിരുന്നു.<br><br>ഇപ്പോൾ നിലവിലുള്ള സൈഫൺ മാറ്റി 94m നീളത്തിൽ പുതിയ aqueduct പണിയുന്നതിനാണ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സാമ്പത്തികാനുമതി നൽകിയിരിക്കുന്നത്. പ്രദേശവാസികളായ ശ്രീ. എൽദോസ്. കെ. സി., ശ്രീ.ജോർജ്.സി.വി. എന്നിവർ free surrender ചെയ്ത സ്ഥലത്തിലൂടെയാണ് നിലവിലെ സൈഫൺ നിർമ്മിച്ചിരിക്കുന്നത്. എന്നാൽ സാമ്പത്തികാനുമതി നൽകിയതിനു ശേഷം മാത്രമാണ് ശ്രീ. ജോർജ്.സി.വി. നിലവിൽ പ്രൊപ്പോസ് ചെയ്ത അക്വഡക്ടിന്റെ അലൈൻമെന്റ് മാറ്റി ടിയാന്റെ സ്ഥലത്തിനു നേരെ ആക്കണമെന്ന് ആവശ്യപ്പെട്ടത്. ഇപ്പോൾ നിലവിലുള്ള സൈഫൺ മാറ്റി പുതിയ അക്വഡക്ട് നിർമ്മിക്കുമ്പോൾ സ്ഥലം ഉടമകൾക്ക് കൂടുതൽ അസൗകര്യം ഉണ്ടാകുമെന്നതിനാലാണ് അക്വഡക്ടിന്റെ അലൈൻമെന്റ് മാറ്റണമെന്ന് സ്ഥലം ഉടമകൾ ആവശ്യപ്പെട്ടിരിക്കുന്നത്.<br><br>നിലവിലുള്ള സൈഫണിന്റെ കാലപ്പഴക്കവും, സ്ഥലം ഉടമയായ ശ്രീ.ജോർജിന്റെ അപേക്ഷയും കണക്കിലെടുത്ത് അലൈൻമെന്റ് മാറ്റുമ്പോൾ 94മീറ്റർ നീളത്തിനു പകരം 108മീറ്റർ നീളത്തിൽ steel aqueductഉം 12 മീറ്റർ നീളത്തിൽ concrete flumeഉം നിർമ്മിക്കേണ്ടതായി വരും. ആയതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ, സാമ്പത്തികാനുമതി നൽകിയ 54ലക്ഷം രൂപയേക്കാൾ 12 ലക്ഷം രൂപ കൂടുതലായിട്ടു വന്നിരിക്കുന്നു. പുതിയ alignment പ്രകാരം തയ്യാറാക്കിയിട്ടുള്ള 66 ലക്ഷം രൂപയുടെ **"GENERAL-Inchoor LI Scheme-Construction of new structural steel aqueduct between Ch:0/150m to Ch:0/244 m of Inchoor LI Scheme in Varappetty Grama Panchayath-General Civil Work (DSR 2018, Cost Index 35.59%, GST 18%)"** എന്ന എസ്റ്റിമേറ്റിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 05/03/2025 തീയതിയിൽ 66 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ നവീകരണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ